"ഭരണഭാഷ - മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: ഡിറ്റി/1735/2022-ഐ2 തീയതി: 19-07-2024

ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- **ട്രെയിനിംഗ് ഡയറക്ടറേറ്റ് - പ്ലാനിംഗ് വിഭാഗം** - വകുപ്പിന് കീഴിലെ ഐ ടി ഐ കളിൽ പ്രൊഡക്ഷൻ സെന്റർ നടപ്പിലാക്കുന്നതിനു മാർഗ്ഗ നിർദേശം നൽകുന്നത് സംബന്ധിച്ച

വകുപ്പിന് കീഴിലെ ഐ.ടി.ഐകൾ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആയതിനാൽ അവിടെ നിന്നും പരിശീലനം പൂർത്തീകരിച്ച് പുറത്തിറങ്ങുന്ന ട്രെയിനികൾ അവർ തിരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ വേണ്ട രീതിയിൽ നൈപുണ്യം നേടിയവർ ആയിരിക്കണം. വളരെയധികം മത്സരം നിലനിൽക്കുന്ന തൊഴിൽ മേഖലയിൽ ഒരു നല്ല തൊഴിൽ കണ്ടെത്തുന്നതിന് അവരെ സഹായിക്കുന്നതിനും സ്വയം സംരംഭങ്ങൾ നടത്തുന്നതിന് താൽപ്പര്യമുള്ള ട്രെയിനികൾക്ക് അതിന് പ്രാപ്തരാക്കുന്നതിനും ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്റർ/സർവ്വീസ് സെന്റർ/നൈപുണ്യ പരിശീലന കേന്ദ്രം എന്നിവ നടത്തുന്നതിലൂടെ കഴിയുന്നു. പതിവ് പരിശീലനങ്ങളിൽ നിന്നു ലഭിക്കുന്നതിലും ഉപരിയായിട്ടുള്ള ഒരു തൊഴിൽ വൈദഗ്ദ്യം ആർജ്ജിക്കുന്നതിനുള്ള അവസരം, ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിലൂടെ ട്രെയിനികൾക്ക് ലഭിക്കുന്നു. അതുപോടെ അഭിരുചിയുള്ള ട്രെയിനികൾക്ക് സ്വയംസംരംഭം തുടങ്ങുന്നതിനുള്ള വൈദഗ്ദ്യവും കാര്യക്ഷമതയും ധൈര്യവും ലഭിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു. അതുകൊണ്ടാണ് ഇത്തരം സെന്ററുകൾ തുടങ്ങുവാൻ സൗകര്യമുള്ള എല്ലാ ഐ.ടി.ഐകളിലും അതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഡിപ്പാർട്ട്മെന്റ് ഓരോ വർഷവും നിർദ്ദേശം നൽകുന്നത്.

സർക്കാർ ഐ.ടി.ഐകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൊഡക്ഷൻ സെന്റർ യൂണിറ്റുകൾ ശ്രദ്ധിക്കേണ്ടതായ മാർഗ്ഗ നിർദശം ചുവടെ ചേർക്കുന്നു.

1. <u>ലൈസൻസ്</u>

ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിന് പ്രത്യേകമായ അനുമതി പത്രങ്ങൾ നിഷ്കർഷിക്കുന്നില്ലെങ്കിലും പ്രദർശനവും വിൽപ്പനയും നടത്തേണ്ടതിനാൽ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് അനുമതി പത്രം ലഭ്യമാക്കുന്നത് അഭികാമ്യമാണ്. കൂടാതെ ഭാവിയിലെ വിവിധ ആവശ്യങ്ങൾക്കായി MSME/UDYAM രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ഭക്ഷ്യോൽപന്ന നിർമ്മാണങ്ങൾക്കായി ഭക്ഷ്യസുരക്ഷാ സാക്ഷ്യപത്രവും ഉത്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നുണ്ടെങ്കിൽ അളവ് തൂക്ക വകുപ്പിൽ നിന്നും പായ്ക്കിംഗിനുള്ള ബന്ധപ്പെട്ട സാക്ഷ്യപത്രവും നിർബന്ധമായി വാങ്ങേണ്ടതാണ്. ഭക്ഷ്യോൽപ്പാദനം നടത്തുന്ന സ്ഥാപനങ്ങൾ അതുമായി ബന്ധപ്പെട്ട മുഴുവൻ സാക്ഷ്യപത്രങ്ങളും കൈവശം വയ്ക്കാനും സമയാസമയങ്ങളിൽ പുതുക്കി സൂക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. **ജി.എസ്.ടി**

സേവനങ്ങൾക്ക് 20 ലക്ഷം രൂപയും ചരക്കിന് 40 ലക്ഷം രൂപയും രണ്ടും കൂടി 20 ലക്ഷം രൂപയും (സർക്കാറിന്റെ അതത് കാലത്തെ പരിഷ്കരണങ്ങൾക്ക് അനുസൃതമായി) വിറ്റുവരവ് അധികരിച്ചാൽ രജിസ്ട്രേഷൻ നിർബന്ധമാണ്. അധികരിച്ചില്ലെങ്കിൽ ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമല്ല. ബില്ലുകളിലും രജിസ്ട്രേഷൻ അവശ്യമില്ലെങ്കിൽ അത് സൂചിപ്പിക്കാവുന്നതാണ്.

3. **ബില്ല്**

സുതാര്യതയ്ക്ക് ബില്ലുകൾ അനിവാര്യമായതിനാൽ നടത്തിപ്പ് ചുമതലയുള്ള ഐ.എം.സി യുടെ പേരിലോ പ്രൊഡക്ഷൻ സെന്റർ യൂണിറ്റിന്റെ പേരിലോ ബില്ലുകൾ നൽകാവുന്നതാണ്.

4. **ഐ.എം.സി**

ഐ.എം.സി നിലവിൽ രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ, ബൈലോ തയ്യാറാക്കി ഐ.എം.സി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. ബൈലോ തയ്യാർ ആക്കുന്നതിനായി നിലവിൽ ഐ.എം.സി രൂപീകരിച്ചിട്ടുള്ള ഐ.ടി.ഐകളിലെ ബൈലോ മാതൃക ആക്കാവുന്നതാണ്. ഐ.എം.സി രൂപീകരണവും പ്രവർത്തന രീതിയുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുക.

5. **വിപണനം**

എല്ലാ സ്ഥാപനങ്ങളും ഒരുപോലെ നേരിടുന്ന പ്രശ്നമാണ് ഉത്പന്നങ്ങളുടെ വിൽപ്പന. പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, സംഭരണം, ഉത്പന്നങ്ങളുടെ വിപണ- ആവശ്യകത, സമാന ഉത്പന്നങ്ങളുമായുള്ള വിപണി മത്സരം എന്നിവയെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുക, ലാഭം ഉണ്ടാക്കുക എന്നതിലുപരി നമ്മുടെ പരിശീലനാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന് അവസരം ലഭ്യമാക്കുക എന്നതാണ് ഇത്തരം സ്ഥാപനങ്ങളിലൂടെ നാം ലക്ഷ്യം ആക്കുന്നത്. എന്നിരുന്നാലും ഉത്പന്നങ്ങളുടെ വിറ്റുവരവിലൂടെ ഉല്പാദന ചെലവുകൾ ആവർത്തിതമായി കണ്ടെത്താതെ സ്ഥാപനം നിലനിർത്തി കൊണ്ടുപോകുന്നതിന് കഴിയില്ല.

പരിശീലനം നേടിക്കൊണ്ടിരിക്കുന്ന ട്രെയിനികൾ നിർമ്മിക്കുമ്പോൾ അസംസ്കൃത വസ്തുക്കളുടെ കേടാകൽ മൂലം സംഭവിക്കുന്ന അധിക ചെലവും വില്പനാനന്തര സേവനങ്ങൾ താരതമ്യേന കൂടുതൽ വേണ്ടി വരുന്നതും ഉത്പാദന ചെലവും അനുബന്ധ ചെലവുകളും വർദ്ധിക്കാൻ കാരണമാകുന്നു. എന്നാൽ ഏത് സാഹചര്യത്തിലായാലും ഉത്പന്നം കൂടുതൽ വിലയ്ക്ക് വിൽക്കേണ്ടി വരുന്നത് മാർക്കറ്റിൽ നമ്മുടെ ഉത്പന്നങ്ങൾക്ക് സ്വികര്യത നഷ്ടപ്പെട്ടുതിയേക്കാം ഈ സാഹചര്യത്തിൽ ഉത്പന്നങ്ങളുടെ ആകർഷണത, ഗുണനിലവാരം, മികച്ച വില്പനാനന്തര സേവനങ്ങൾ എന്നിവയിലൂടെ മാത്രമേ ഉപഭോക്താക്കളെ കണ്ടെത്താൻ കഴിയുള്ളൂ.

പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ അസംസ്കൃത സാധനങ്ങൾ സംഭരിക്കുന്ന വിപണയിൽ തന്നെ ഉത്പന്നങ്ങൾക്ക് ആവശ്യക്കാരെ/വിതരണക്കാരെ കണ്ടെത്തിയാൽ

നിർമ്മിക്കുന്ന സാധനങ്ങൾ അപ്പപ്പോൾ വിറ്റ് പോകുന്നതിന് ഇടയാകും. അതുപോലെ തന്നെ ഉപഭോക്താക്കളെ മുന്നേകൂട്ടി കണ്ടെത്തി ഓർഡർ എടുത്തശേഷം ഉത്പന്നങ്ങൾ നിർമ്മിക്കുകയാണെങ്കിൽ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിന് കഴിയും.

ഫർണിച്ചർ യൂണിറ്റുകളാണ് നടത്തുന്നതെങ്കിൽ ബെഞ്ച്, ഡെസ്ക് തടുങ്ങിയുള്ള ഫർണിച്ചറുകൾക്കുള്ള ഓർഡർ നേരത്തേ തന്നെ ലഭ്യമാക്കിയ ശേഷം നിർമ്മിക്കുകയാണെങ്കിൽ സാധനങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാം.

യൂണിഫോം തച്ച് നൽകുന്നതിനായി അടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായിട്ടും മറ്റും മുന്നേകൂട്ടി ധാരണയിൽ എത്തിക്കൊണ്ട്, തയ്യൽ യൂണിറ്റുകൾ ഉള്ള ഐ.ടി.ഐകൾ, തയ്യൽ പരിശീലന നേടുന്ന ട്രെയിനികൾ അവരുടെ ട്രെയിനിംഗ് പൂർത്തീകരിച്ച് പുറത്തിറങ്ങുന്നതിന് മുമ്പ് തന്നെ യൂണിഫോം തച്ച് സ്റ്റോക്ക് ചെയ്താൽ യഥാസമയം ആവശ്യക്കാർക്ക് എത്തിച്ച് നൽകുന്നതിന് കഴിയും.

പ്രാദേശിക വിപണിയിൽ നിന്നും വളരെ കുറച്ച് അളവിൽ താരതമ്യേന കൂടിയ വിലയിൽ അസംസ്കൃത സാധനങ്ങൾ അതാത് സമയം സംഭരിക്കുന്നതും ചെലവ് കൂടുന്നതിന് ഇടയാക്കും. ഓരോ കാലയളവിലെയും വിപണി ആവശ്യം മുന്നേകൂട്ടി മനസ്സിലാക്കി ഗുണനിലവാരമുള്ള അസംസ്കൃത സാധനങ്ങൾ ഏറ്റവും വില കുറഞ്ഞു ലഭിക്കുന്നിടത്ത് നിന്നും ഒന്നിച്ച് സംഭരിക്കുന്നതും ഉത്പാദന ചെലവ് കുറയ്ക്കുന്നതിന് സഹായിക്കും.

ആധുനിക സി.എൻ.സി മെഷീനുകൾ സ്വന്തമായുള്ള ഐ.ടി.ഐകൾ, വലിയ മെഷിനറികൾ നിർമ്മിക്കുന്ന കമ്പനികളുമായി സ്പെയർ പാർട്ട്സുകൾ നിർമ്മിച്ച് നൽകുന്നതിന് ധാരണയിലെത്തുന്നതിന് കഴിയുമെങ്കിൽ അത്തരം പ്രൊഡക്ഷൻ യൂണിറ്റുകൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കഴിയും.

ഓട്ടോമൊബൈൽ സർവ്വീസ് നടത്താൻ കഴിയുന്ന ഐ.ടി.ഐകൾക്ക് പരിചയ സമ്പന്നരായ ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. സ്പെയർ പാർട്ട്സുകൾ മിതമായ വിലയിൽ പ്രാദേശികമായി ലഭിക്കുന്ന കടകളുമായി ഒരു ധാരണയിലെത്തി സാധനങ്ങൾ ലഭ്യമാക്കാവുന്നതാണ്. IMC/PTA യുടെ നേതൃത്വത്തിൽ ഇത്തരം കടകൾ കണ്ടെത്തി ഉടമകളുമായി സംസാരിച്ച്. ഐ.ടി.ഐ തലത്തിൽ കുട്ടികളുടെ നൈപുണ്യ വികസനം ലക്ഷ്യമാക്കിയുള്ള ഇത്തരം പ്രവർത്തനങ്ങളുമായി ലാഭേച്ഛ കൂടാതെ സഹകരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി. അവരെയും കൂടി ഈ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക. A/C കമ്പനികൾ വിതരണക്കാരുമായി ധാരണയിലെത്തുകയാണെങ്കിൽ അവരോട് ചേർന്നു നമ്മുടെ കുട്ടികൾക്കും വേനൽക്കാലത്ത് വമ്പിച്ച തോതിലുള്ളA/C സർവ്വീസിംഗിൽ പരിശീലനവും ഒപ്പം വരുമാനവും ലഭ്യമാക്കാം.

സീനിയർ കുട്ടികളെ അവരുടെ ഷെഡ്യൂൾ പ്രകാരം ഉള്ള ട്രെയിനിംഗ് തടസ്സപ്പെടാത്ത രീതിയിൽ പ്രൊഡക്ഷൻ സെന്റർ/സർവ്വീസ് സെന്ററുകളിലേയ്ക്ക് അതത് സമയം ആവശ്യനുസരണം നിയോഗിക്കാവുന്നതാണ്. പൂർവ്വ വിദ്യാർത്ഥികളുടെ സേവനവും വേതന വ്യവസ്ഥയിൽ ലഭ്യമാക്കാവുന്നതാണ്. ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് സ്ഥലവും

സാഹചര്യമുള്ളിടങ്ങളിൽ പുറമെ നിന്നും സമർത്ഥനായ ഒരു ടെക്നീഷ്യന്റെ മുഴുസമയ സേവനം ലഭ്യമാക്കാവുന്നതാണ്. അതിനുള്ള ചെലവ് ഈ സെന്ററിൽ നിന്നു തന്നെ കണ്ടെത്തേണ്ടതാണ്.

സെന്ററിൽ നിന്നും ലഭിക്കുന്ന ലാഭത്തിൽ നിന്നും യോഗ്യമായ വിഹിതം അവിടെ ജോലി ചെയ്യുന്ന ട്രെയിനീസിനും (Earn while Learn) അവരെ അതിനായി സഹായിക്കുന്ന പരിശീലകർക്കും പ്രോത്സാഹനമായി നൽകേണ്ടതാണ്. IMC തലത്തിൽ അതിന് തീരുമാനം കൈക്കൊള്ളേണ്ടതാണ്.

പരിശീലകർ അവരുടെ പതിവ് ജോലിയ്ക്ക് പുറമെ ഇവിടെ പ്രവർത്തിക്കുമ്പോൾ അവരെ അതിനായി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിനും സ്ഥാപനത്തിലുള്ള എല്ലാ ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും ഒരു ട്രേഡിന്റെ പ്രവർത്തനം എന്നതിലുപരിയായി ഐ.ടി.ഐയുടെ പൊതു സമ്പത്തും അഭിമാനവുമാണ് ഇത്തരം യൂണിറ്റുകൾ എന്നു മനസ്സിലാക്കി ഐ.ടി.ഐയിലുള്ള എല്ലാ ട്രേഡ് ഇൻസ്ട്രക്ടർക്കും അവരവരുടെ സാങ്കേതിക പരിജ്ഞാനം ഇത്തരം സെന്ററുകളുടെ വളർച്ചയ്ക്കായി ഉപയോഗിക്കുന്നതിന് പ്രോഹത്സാഹിപ്പിക്കേണ്ടതാണ്.

വിവിധ ട്രേഡുകളുടെ സംയോജിത സംരംഭമായും ഇത്തരം യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിപണനത്തിനായി മുഴുവൻ ജീവനക്കാരും ട്രെയിനീസും പി.ടി.എയും ഉത്സാഹിക്കേണ്ടതാണ്. പ്രാദേശികമായി വിവിധ ഏജൻസികൾ സംഘടിപ്പിക്കുന്ന വിപണന മേളകളിൽ നമ്മുടെ ഉൽപ്പന്നങ്ങൾക്ക് സ്റ്റാളുകൾ ഇടാവുന്നതാണ്. പഞ്ചായത്തുകൾ, കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങൾ എല്ലാവരുമായി സഹകരിച്ച് വിപണികൾ കണ്ടെത്തേണ്ടതാണ്. കൂടാതെ മാർക്കറ്റിംഗിന് വേണ്ടി സംസ്ഥാനത്തെ 104 ഐ.ടി.ഐകളുടെ ശൃംഖല പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

ഇന്ത്യാ ഗവൺമെന്റിന്റെ ഇ-കോമേഴ്സ് പ്ലാറ്റ് ഫോം ആയ ONDC (The Open Network for Digital Commerce) ഡിജിറ്റൽ മാർക്കറ്റിംഗിന് വേദി ഒരുക്കുന്നുണ്ട്. ചെറുതോ ഇടത്തരമോ ആയ സംരംഭകരേയും സംരംഭങ്ങളെയും (SMEs) ശാക്തീകരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഈ പ്ലാറ്റ്ഫോം വിൽക്കുന്നവർക്കും വാങ്ങുന്നവർക്കും ഒരുപോലെ സൗകര്യപ്രദമാണ്. ഇതിലൂടെയും നമ്മുടെ ഉത്പന്നങ്ങൾക്ക് ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് ശ്രമിക്കാവുന്നതാണ്.

ഐ.എം.സി ചുമതലയുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടറുടെ മുഴുവൻ സമയ മേൽനോട്ടം യൂണിറ്റുകളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. ഐ.എം.സിയുടെ ചുമതലയുള്ള ക്ലാർക്ക് തന്നെ ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ഓഫീസ് സൂപ്രണ്ട് പ്രിൻസിപ്പാൾ എന്നിവർ അതത് സമയം വരവ് ചെലവുകൾ പരിശോധിച്ച് ഐ.എം.സിയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. അതു സമയം internal & external ഓഡിറ്റുകൾ നടത്തി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

6. <u>പരിശീലനം</u>

പ്രൊഡക്ഷൻ സെന്റർ/സർവ്വീസ് സെന്റർ/ഹ്രസ്വകാല കോഴ്സുകൾ എന്നിവ കൈകാര്യം ചെയ്യുന്ന ഇൻസ്ട്രക്ടർ മറ്റ് അനുബന്ധ ജീവനക്കാർ തുടങ്ങിയവർക്കു സമയാസമയങ്ങളിൽ ആവശ്യമായ പരിശീലനവും പ്രചോദനവും നൽകേണ്ടതാണ്. കാലാനുസൃതമായി സാങ്കേതിക വൈദഗ്ധ്യം വിപുലീകരിക്കുന്നതിനും ഒരു സംരംഭത്തിന്റെ വിവിധ ഘട്ടങ്ങളിലെ സ്ട്രാറ്റജികളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനും പൂർണ്ണമായ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നതിനും ഇതാവശ്യമാണ്. ഇതിനാവശ്യമായ ചെലവ് തുക, ഈ യൂണിറ്റുകളിൽ നിന്നു തന്നെ കണ്ടെത്താവുന്നതുമാണ്.

7. <u>സ്ഥലസൗകര്യം</u>

ചില സ്ഥാപനങ്ങളിൽ ഉദ്ദേശിച്ചതിലും അധികം സ്ഥല സൗകര്യങ്ങൾ പ്രൊഡക്ഷൻ സെന്ററുകൾക്ക് ആവശ്യമായി വന്നതിനാൽ, ഉള്ള പരിമിതമായ സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചവയും ഇനിയും പ്രവർത്തനം ആരംഭിക്കാനുള്ളവയുമുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ഇൻഫ്രാസ്ട്രക്ചർ വിപുലീകരിക്കുന്നതിനു ആവശ്യമായ നടപടികൾ IMC കൂ കൈകൊള്ളാവുന്നതാണ്.

8. <u>വികസനം</u>

പ്രൊഡക്ഷൻ സെന്റർ/സർവീസ് സെന്റർ/ഹ്രസ്വകാല കോഴ്സുകൾ എന്നിവയിലൂടെ ലഭിക്കുന്ന മിച്ച വരുമാനം ഐടിഐ യുടെ സമഗ്ര വികസനത്തിന് ഉപയോഗിക്കുന്നതിന് IMC പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനായി പ്രിൻസിപ്പാൾ, മറ്റ് ജീവനക്കാർ എന്നിവർ വേണ്ടരീതിയിൽ ഉൽസാഹിക്കേണ്ടതാണ്.

ഇത്തരം യൂണിറ്റ് കളുടെ പ്രവർത്തനങ്ങളിലൂടെ ഐടിഐയ്ക്കു സാമ്പത്തികമോ അല്ലാത്തതോ ആയ ഒരു തരത്തിലുള്ള ബാധ്യതയും ഉണ്ടാകാതിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ആഗ്രഹിച്ചിട്ടും ഐടിഐ യിൽ പരിശീലനം നേടി ഒരു തൊഴിൽ കണ്ടെത്തുന്നതിന് അവസരം ലഭിക്കാതെ പോയ തദ്ദേശീയരായ യുവാക്കൾക്ക് അതിനുള്ള അവസരം, മിതമായ ഫീസ് ഈടാക്കി കൊണ്ട് തൊഴിൽ ലഭ്യതയുള്ള ഹ്രസ്വകാല കോഴ്സുകൾ ഐടിഐ കളിൽ ആരംഭിക്കുന്നതിലൂടെ കഴിയുന്നു. ഓരോ ഐടിഐ യിലും ലഭ്യമാക്കിയിട്ടുള്ള നൂതന മെഷിനറികൾ പരമാവധി ഉപയോഗ പ്രദമാക്കുന്നതിന് ഇതിലൂടെ കഴിയുന്നു. അംഗീകൃത ഏജൻസികളുമായി ചേർന്നു കോഴ്സ് ഐടിഐ യിൽ നടത്താവുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്ന കുട്ടികൾക്കു, തൊഴിൽ ശാലകളിൽ അംഗീകൃതമായ Certificate, IMC യുടെ പേരിലോ കോഴ്സിൽ പങ്കാളികളാകുന്ന ഏജൻസികളുടെ പേരിലോ നൽകാവുന്നതാണ്. ഇത്തരം കോഴ്സുകൾ നടത്തുന്നതിലൂടെ ലഭിക്കുന്ന മിച്ച വരുമാനം മെഷിനുകൾ കേടുപാടുകൾ കൂടാതെ സംരക്ഷിക്കുന്നതിനും വർക്ക്ഷോപ്പുകളിലേക്ക് ആവശ്യമായ ഇതര ഉപകരണങ്ങൾ സംഭരിക്കുന്നതിനും ഐ ടി ഐ യുടെ മറ്റു വികസന പ്രവർത്തനങ്ങൾക്കും ഐ എം സി യുടെ തീരുമാന പ്രകാരം ഉപയോഗിക്കാവുന്നതാണ്.

ഐടിഐ സ്ഥാപിച്ചിരിക്കുന്ന നാട്ടിലെ യുവജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന

രീതിയിൽ ഇത്തരം സെന്ററുകൾ തുടങ്ങുന്നതിന് എല്ലാ ഐ.ടി.ഐകളും പരമാവധി ഉത്സാഹിക്കുക. സാമൂഹിക പ്രതിബന്ധതയോടെ അതത് ദേശത്തിന്റെ വികസനത്തിൽ പങ്കാളികൾ ആകുക. നമ്മുടെ ഓരോ സ്ഥാപനത്തിലും ഉള്ള വിലയേറിയ ആധുനിക ഉപകരണങ്ങൾ പരമാവധി യുവജനങ്ങൾക്ക് ഉപയോഗപ്രദമാക്കുക. തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ആലോചിച്ച് ഓരോ ദേശത്തിനും അനുയോജ്യമായ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :

**എല്ലാ സ്ഥാപനമേധാവികൾക്കും**

പകർപ്പ്: ജെ എ എ (സി) - വകുപ്പിന്റെ വെബ് സൈറ്റിൽ

പരസ്യപ്പെടുത്തുവാൻ